പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ - 2308 15.07.2011 -ലെ മറുപടിക്ക്

## പള്ളിക്കമെണ്ണടി പാലം പണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമെണ്ണടി പാലം നിർമ്മാണത്തിലേക്കായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത് ; | (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമെണ്ണടി പാലം നിർമ്മാണത്തിലേക്കായി 315 ലക്ഷം രൂപയുടെ ഭരണാനുമതി 14.08.2009-ലെ G.O.(Rt)No: 1185/09/PWD എന്ന ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട് ; |
| (ബി) പ്രസ്തുത പാലം പണി ടെണ്ടർ ചെയ്യുന്നതിലേക്കായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (ബി) പ്രസ്തുത പാലത്തിന്റെ ടെണ്ടർ നടത്തുന്നതിനായി പാലത്തിന്റെ രൂപരേഖ തയ്യാറാക്കാനുള്ള എല്ലാ ഡേറ്റാകളും പൊതുമരാമത്തു വകുപ്പിന്റെ ഡിസൈൻ വിഭാഗമായ DRIQ ബോർഡ് തയ്യാറാക്കി പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

| | |
|---|---|
| (സി) പള്ളിക്കമണ്ണൂടി പാലം പണി ടെണ്ടർ ചെയ്യുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തെന്നും ആയത് പരിഹരിക്കുന്നതിലേക്ക് എന്ത് നടപടി കൈക്കൊള്ളുമെന്നും വ്യക്തമാക്കുമോ ? | (സി) ടി പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം ഇതുവരെ പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആയാൽ മാത്രമേ വർക്ക് ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനാൽ വസ്തു പൊന്നും വിലയ്ക്ക് എടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ